**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3487 12.05.2017 ന് മറുപടിയ്ക്ക്.

**വന്യജീവികൾ കാർഷിക വിളകൾക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവികൾ വനാതിർത്തികളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) വന്യജീവികൾ വനാതിർത്തികളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തു വരുന്നു.<br>6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേയ്ക്കിറങ്ങിയതായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ് മുഖാന്തിരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System വയനാട്, മൂന്നാർ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. മറ്റു മേഖലകളിൽ ഇത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>7. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>8. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ. |

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10.പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടു വളർത്തുക.

12. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) സംസ്ഥാനത്ത് ഇത്തരം പ്രശ്ന ബാധിത പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കണ്ടെത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ആറളം പ്രദേശം, വയനാട് ജില്ലയിൽ തിരുനെല്ലി, നൂൽപ്പുഴ മേഖലകൾ, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, മുക്കാളി പ്രദേശങ്ങൾ, ഇടുക്കി ജില്ലയിൽ ദേവികുളം പ്രദേശം, കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴ വനമേഖല, തിരുവനന്തപുരം ജില്ലയിലെ പാലോട്, പേപ്പാറ വനമേഖലകൾ എന്നീ പ്രദേശങ്ങളിലാണ് വന്യമൃഗങ്ങൾ കൂടുതലായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത്.

(സി) ഇതിനായി വനം വകുപ്പ് ചെലവഴിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) വകുപ്പ് തലത്തിലും, സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗ തലത്തിലും, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗത്തിലും യഥാസമയം നടത്തുന്ന ആഡിറ്റിംഗിലൂടെ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

Latheesh

സെക്ഷൻ ഓഫീസർ